19 (3345) കെ.എഫ്.സി. അനുവദിക്കുന്ന സബ്സിഡി ലഭിച്ചില്ലെന്ന പരാതി

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ കള്ളിക്കാട് വില്ലേജിൽ ദേവി സാമിൽ ആന്റ് മിനിവുഡ് ഇൻഡസ്ട്രീസ് ഉടമ ശ്രീമതി ബി. സരോജം അവരുടെ സ്ഥാപനത്തിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പുതിയ വ്യവസായങ്ങൾക്ക് അനുവദിക്കുന്ന സബ്സിഡി അനുവദിച്ചത് ഇതുവരെ ലഭ്യമാക്കിയിട്ടില്ല എന്ന് പരാതിപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കെ.എഫ്.സി. ഇവർക്ക് സബ്സിഡി എന്നാണ് അനുവദിച്ചതെന്നും സബ്സിഡി തുക എത്ര രൂപയാണെന്നും ഇതുവരെ തുക കൊടുത്തു തീർത്തിട്ടില്ലെങ്കിൽ അതിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(സി) ഇവർക്ക് സബ്സിഡി അനുവദിച്ച തീയതി മുതൽ തുക നൽകിയ തീയതിവരെയുള്ള പലിശ കൂടി നല്കാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

ഇതിൻപ്രകാരം 30-9-97-ൽ കൂടിയ ജില്ലാതല കമ്മിറ്റിയോഗം ഈ വ്യവസായ സംരംഭത്തിന് 75658 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

(ബി) 75658 രൂപ 30-9-97-ൽ അനുവദിച്ചു. തുക ഇതുവരെ കൊടുത്തു തീർന്നിട്ടില്ല. വ്യവസായ വകുപ്പിൽനിന്നും ഫണ്ട് ലഭിക്കാതിരുന്നതിനാലാണ് തുക നൽകാതിരുന്നത്.

(സി) സബ്സിഡി തുകയ്ക്ക് പലിശ നൽകാൻ വ്യവസ്ഥയില്ല.

20 (3346) വാഹനം വാങ്ങാൻ വായ്പ നല്കുന്ന സ്ഥാപനങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനം വാങ്ങുവാൻ വായ്പ നല്കുന്ന സ്വകാര്യ ഫൈനാൻസ് സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ;

(ബി) ലൈസൻസ്, രജിസ്ട്രേഷൻ തുടങ്ങിയ എന്തെങ്കിലും ഉപാധികൾ ഇത്തരം സ്ഥാപനങ്ങളുടെ മേൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൽ നിന്നുള്ള ശരാശരി പ്രതിവർഷ വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം സ്ഥാപനങ്ങൾ അനിയന്ത്രിതവും അമിതവുമായ പലിശ ഈടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 36 മുതൽ 120 ശതമാനംവരെ പലിശ ഈടാക്കുകയും വീഴ്ചവരുത്തുന്ന വാഹന ഉടമകളെ അധോലോക സംഘങ്ങളെ നിയോഗിച്ച് വകവരുത്തുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വാഹനം വാങ്ങുന്നതുൾപ്പെടെ ഏത് ആവശ്യത്തിനായാലും വായ്പനല്കുന്ന ഫൈനാൻസ് സ്ഥാപനങ്ങളെല്ലാം കേരളാ മണിലെന്റേഴ്സ് ആക്ടിന്റെ പരിധിയിൽ വരും. അത്തരം സ്ഥാപനങ്ങൾക്കുമേൽ ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള നിയന്ത്രണമുണ്ട്.

(ബി) സഹകാര്യപണമിടപാട് സ്ഥാപനങ്ങൾ നിർബന്ധമായും കെ.എം.എൽ. ആക്ടിൻപ്രകാരം ലൈസൻസ് എടുക്കേണ്ടതും ആയത് എല്ലാ വർഷവും പുതുക്കേണ്ടതുമാണ്.

(സി) 1998-99-ൽ മണിലെന്റേഴ്സ് ലെന്റർമാരിൽ നിന്നും ലൈസൻസ് ഫീസ് ഇനത്തിൽ 417.72 ലക്ഷംരൂപ ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) അമിത പലിശ ഈടാക്കുന്നതിന് വ്യക്തമായ തെളിവുകൾ ലഭിച്ചാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. അധോലോക സംഘങ്ങളെ നിയോഗിച്ച് വാഹന ഉടമകളെ പീഡിപ്പിക്കുന്ന സംഭവങ്ങളെപ്പറ്റി വിവരം ശേഖരിച്ചുവരുന്നു.

21 (3347) പുതിയ പെൻഷൻ പദ്ധതി

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിച്ച പുതിയ പെൻഷൻ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ;

(ബി) പെൻഷൻ പദ്ധതിക്ക് മുൻകാല പ്രാബല്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ പദ്ധതിപ്രകാരം സർക്കാരിന് ഉണ്ടായേക്കാവുന്ന സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ;

(ഡി) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർക്ക് പെൻഷൻ നൽകുന്ന സ്കീം പ്രകാരം സർക്കാരിന് ഒരു വർഷം എത്ര ലക്ഷം രൂപയുടെ ബാദ്ധ്യതയുണ്ട്; ഈ സ്കീം എത്ര പേർക്ക് പ്രയോജനം ചെയ്യുന്നുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറഞ്ഞത് പത്തു വർഷത്തെ യോഗ്യസേവന കാലം ഇല്ലാത്ത കാരണത്താൽ പെൻഷന് അർഹതയില്ലാതെ സർവീസിൽനിന്നും പിരിയേണ്ടിവരുന്ന സർക്കാർ ജീവനക്കാർക്കായി വിഭാവനം ചെയ്തതാണ് പുതിയ പെൻഷൻ പദ്ധതി. ഈ പദ്ധതിപ്രകാരം പെൻഷന് അർഹരാകുന്ന മൂന്നു

LIBRARY ARCHIVES Kerala Legislative Assembly